പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4627 — 23.07. 2015 ൽ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് വർദ്ധനവ്

ചോദ്യം — ഉത്തരം

ശ്രീ. ഇ.പി. ജയരാജൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; | (എ) '3' പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇത് എപ്പോഴെല്ലാമാണ്; | (ബി) 2012-13 സാമ്പത്തിക വർഷത്തിൽ, 01.07.2012 മുതലും, 2013-14 സാമ്പത്തിക വർഷത്തിൽ, 01.05.2013 മുതലും, 2014-15 സാമ്പത്തിക വർഷത്തിൽ, 16.08.2014 മുതലുമാണ് വൈദ്യുതി ചാർജ് പരിഷ്കരിച്ചത്. |
| (സി) ഓരോ തവണയിലെയും വർദ്ധനവിലൂടെ കെ.എസ്.ഇ.ബി.യ്ക്ക് ലഭിച്ച വാർഷിക അധിക വരുമാനം എത്രയാണ്; വിശദമാക്കാമോ ? | (സി) 2012-13 –ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 1257 കോടി രൂപയുടെയും, 2013-14 –ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 642.47 കോടി രൂപയുടെയും, 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ ഏകദേശം 600 കോടി രൂപയുടെയും അധിക വരുമാനം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ